(എ) ഉണ്ട്.

(ബി)&(സി) കേസുകളിൽ വേഗത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് അനുരഞ്ജന മാർഗ്ഗങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു. ഇതുകൂടാതെ കുടുംബ കോടതികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ക്യാമ്പ് സിറ്റിംഗ്സും നടത്തുന്നുണ്ട്.

(ഡി) കുടുംബ കോടതി നിയമം അനുസരിച്ച് എല്ലാ ജുഡീഷ്യൽ ജില്ലാ ആസ്ഥാനങ്ങളിലും കുടുംബ കോടതികൾ സ്ഥാപിയ്ക്കേണ്ടതാണ്.

(ഇ) ഏഴ് കുടുംബകോടതികൾ (തിരുവനന്തപുരം, കൊല്ലം, കോട്ടയം (ഏറ്റുമാനൂർ), എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നിവിടങ്ങളിൽ.

(എഫ്) 31-12-99 വരെ 17935 കേസുകൾ തീർപ്പു കൽപ്പിക്കാനുണ്ട്.

(ജി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ഹൈക്കോടതി സ്വീകരിച്ചുവരുന്നു.

22 (*471) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികളിലും വേണ്ടത്ര യോഗ്യതയുള്ള ഡോക്ടർമാരും ആവശ്യമായ ഉപകരണങ്ങളും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ആശുപത്രികൾക്ക് ലൈസൻസോ മറ്റേതെങ്കിലും നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) പല സ്വകാര്യ ആശുപത്രികളിലും ചികിത്സാ ചെലവു കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഐ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി)മുതൽ(ഐ)വരെ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിൽ സംവിധാനമൊന്നുമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി കേരളാ പ്രൈവറ്റ് ഹോസ്പിറ്റൽ രജിസ്ട്രേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ആന്റ് റഗുലേഷൻ ബിൽ എന്നപേരിൽ ഒരു കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബില്ലിന്റെ വിവിധ വശങ്ങൾ പരിശോധിക്കവേ, സ്വകാര്യ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ ഇവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ തയ്യാറാക്കിയ കരട് ബിൽ സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി കേന്ദ്രസർക്കാർ അയച്ചുതരികയുണ്ടായി. ഈ ബില്ലിന്റെ വിശദാംശങ്ങൾ പരിശോധനയിലാണ്.

23 (*472) ഗ്രാമീണ സ്പോർട്സ് വികസനത്തിന് പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സ്പോർട്സ് വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) കളരിപ്പയറ്റ് തുടങ്ങിയ ആയോധന കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) പഞ്ചായത്തുതോറും സ്പോർട്സ് ക്ളബ്ബുകൾ രൂപീകരിച്ച് പ്രത്യേക ടീമുകളെ വാർത്തെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനുവേണ്ടി കായികരംഗത്ത് പ്രത്യേക പരിശീലനം നൽകുന്നതിന് ആവശ്യമായ സഹായം നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്. ഓപ്പറേഷൻ ഒളിമ്പ്യാ പദ്ധതി.

(ബി) ഉണ്ട്. കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലകൾതോറും മാർഷ്യൽ ആർട്സ് സെന്റർ എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരം മൂന്ന് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട് നടപ്പു സാമ്പത്തിക വർഷം അഞ്ചു സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ കേരള സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഫെൻസിംഗ് എന്ന ഇനത്തിലും പരിശീലനം നൽകിവരുന്നു.

(സി) പഞ്ചായത്തുകളാണ് ഇതിനു മുൻകൈ എടുക്കേണ്ടത്.

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകളിലുള്ള കായികപരിശീലകരുടെ സേവനം ലഭ്യതയ്ക്കുവിധേയമായി സ്പോർട്സ്ക്ലബ്ബുകൾക്കും ലഭിക്കുന്നുണ്ട്.

24 (*473) സോഫ്റ്റ്വെയർ, ഹാർഡ്വെയർ പരിശീലനം

ശ്രീ. കെ. ബാബു :
ഡോ. എം.എ കുട്ടപ്പൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly